**15 -ാം കേരള നിയമസഭ**

**13 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 3760** **12-03-2025 - ൽ മറുപടിയ്ക്ക്**

**സിൽവർ ലൈൻ പദ്ധതി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. കെ. പി. എ. മജീദ്** | | **ശ്രീ. വി. അബ്ദുറഹിമാൻ (ന്യൂനപക്ഷക്ഷേമം, കായികം, വഖഫ്, ഹജ് തീർത്ഥാടന വകുപ്പ് മന്ത്രി)** | |
| (എ) | സിൽവർ ലൈൻ പാതയുടെ നിർമ്മിതി മൂലം എത്ര പേരുടെ തൊഴിൽ നഷ്ടപ്പെടുമെന്ന് കണക്കാക്കിയിട്ടുണ്ടോ. വിശദമാക്കാമോ; | (എ) | സിൽവർ ലൈൻ പാതയുടെ നിർമ്മിതി മൂലം എത്ര പേരുടെ തൊഴിൽ നഷ്ടപ്പെടുമെന്ന കൃത്യമായ കണക്ക് പദ്ധതിയുടെ സാമൂഹികാഘാത പഠനത്തിനു ശേഷമെ അറിയുവാൻ കഴിയുകയുള്ളൂ. എന്നാൽ നിർമ്മാണ കാലയളവിൽ 50,000 പേർക്കും പ്രവർത്തനാനന്തര കാലയളവിൽ 10,000 പേർക്കും തൊഴിലവസരങ്ങൾ സൃഷ്ടിക്കുവാൻ സിൽവർ ലൈൻ പദ്ധതി മൂലം സാധിക്കുന്നതാണ്. |
| (ബി) | സിൽവർ ലൈൻ പദ്ധതിമൂലം മുറിച്ചു മാറ്റപ്പെടുന്ന വൃക്ഷലതാദികളിൽ ഉൾപ്പെടുന്ന ഗ്രീനറി നഷ്ടവും ഇതുമൂലം ഉണ്ടാകുന്ന കാർബൺ സിങ്കും കണക്കാക്കിയിട്ടുണ്ടോ; ഉണ്ടെങ്കിൽ ആയതിന്റെ കണക്ക് വ്യക്തമാക്കുമോ.; | (ബി) | സിൽവർ ലൈൻ പദ്ധതിയുടെ നിർമ്മിതിക്കായി എത്ര മരങ്ങൾ മുറിച്ചു മാറ്റണമെന്ന് കണക്കാക്കിയിട്ടില്ല. സിൽവർ ലൈനിനായി മുറിച്ചു മാറ്റപ്പെടുന്ന ഓരോ മരത്തിനും പകരം പത്ത് മരങ്ങൾ വെച്ചു പിടിപ്പിക്കാനാണ് പദ്ധതിയിൽ വിഭാവനം ചെയ്തിരിക്കുന്നത്. സിൽവർ ലൈൻ യാഥാർഥ്യമായാൽ നിരത്തിലെ വാഹനപ്പെരുപ്പം നിയന്ത്രിക്കുവാനും കാർബൺ, സിങ്ക് ഉൾപ്പെടെയുള്ള മൂലകങ്ങൾ കാരണമുള്ള അന്തരീക്ഷ മലിനീകരണം ഗണ്യമായ അളവിൽ കുറയ്ക്കാൻ കഴിയും. 2028-ൽ കേരളത്തിലുണ്ടാകുമെന്നു കരുതപ്പെടുന്ന 2.8 ലക്ഷം ടൺ കാർബൺ മാലിന്യം ഈ പാതയിലൂടെയുള്ള ഗതാഗതം കൊണ്ട് ഇല്ലാതാക്കാൻ കഴിയും. |
| (സി) | സിൽവൻ ലൈൻ റെയിൽപ്പാതയുടെ ഏറ്റവും പുതിയ അലൈൻമെന്റ് എന്നാണ് തയ്യാറാക്കിയിട്ടുള്ളത്; ഇതിന്റെ ഹാർഡ് കോപ്പി ജില്ല തിരിച്ച് ലഭ്യമാക്കുമോ? | (സി) | സിൽവർലൈൻ പദ്ധതിയുടെ അലൈൻമെന്റോടു കൂടിയുള്ള വിശദ പദ്ധതി റിപ്പോർട്ട് റെയിൽവേ മന്ത്രാലയത്തിനു 2020 ജൂൺ മാസത്തിൽ അന്തിമാനുമതിക്കായി സമർപ്പിച്ചിരിക്കുകയാണ്. ആയതു നിലവിൽ റെയിൽവേ ബോർഡിന്റെ പരിശോധനയിലാണ്. പ്രസ്തുത അലൈൻമെന്റ് കെ-റെയിലിന്റെ ഔദ്യോഗിക വെബ് സൈറ്റിൽ പ്രസിദ്ധീകരിച്ചിട്ടുള്ളതാണ്. |

സെക്ഷൻ ഓഫീസർ